# കേരളസർവകലാശാല

നം.പി.ആർ.235/2022

## <u>പത്രക്കുറിപ്പ്</u>

### ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2022
### ജനറൽ സ്പോട്ട് അലോട്ട്മെന്റ് – നവംബർ 07–ാം തീയതി

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് കമ്മ്യൂണിറ്റി ക്വാട്ട ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കുമുള്ള സ്പോട്ട് അലോട്ട്മെന്റ് നവംബർ 07–ാം തീയതി സെനറ്റ് ഹാൾ, കേരളസർവകലാശാല, പാളയത്ത് വച്ച് നടത്തുന്നു.

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ടുമായി രാവിലെ 10 മണിക്ക് മുൻപായി ടി വേദിയിൽ റിപ്പോർട്ട് ചെയ്ത് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം **(authorization letter)** നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും **(Community/Caste Certificate for Community Quota Candidates)** തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം.

കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗങ്ങൾക്ക് 200 രൂപ, മറ്റ് വിഭാഗങ്ങൾക്ക് 1030 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് https://admissions.keralauniversity.ac.in സന്ദർശിക്കുക.

### പി.എച്ച്ഡി. എൻട്രൻസ് പരീക്ഷ – നവംബർ 13 ന്

കേരളസർവകലാശാലയുടെ ഈ വർഷത്തെ പി.എച്ച്ഡി. എൻട്രൻസ് പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ പ്രവേശന പരീക്ഷ 2022 നവംബർ 13 (ഞായറാഴ്ച) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ കാര്യവട്ടം കേരളസർവകലാശാല ക്യാമ്പസിൽ വച്ച് നടത്തുന്നതാണ്. പരീക്ഷ പൂർണ്ണമായും കോവിഡ്–19 മാനദണ്ഡം പാലിച്ച് നടത്തുന്നതായിരിക്കും. പരീക്ഷ ആരംഭിക്കുന്നതിന് 30 മിനിട്ട് മുൻപ് തന്നെ എല്ലാവരും നിശ്ചിത ഹാളുകളിൽ ഹാജരാകേണ്ടതാണ്. പ്രവേശന പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് അവരവരുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പി.എച്ച്ഡി. എൻട്രൻസ് പരീക്ഷയിലേക്കുള്ള പ്രവേശനം പൂർണ്ണമായും താൽക്കാലിക അടിസ്ഥാനത്തിലാണ്. പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതും, പാസ് മെമ്മോ നൽകുന്നതും, അപേക്ഷയിലെ പിഴവുകളുണ്ടെങ്കിൽ അവ പരിഹരിച്ചതിന്റെ അടിസ്ഥാനത്തിലായിരിക്കും. വിശദവിവരങ്ങൾക്ക് 0471 – 2386264 എന്ന നമ്പറിലും acb1@keralauniversity.ac.in എന്ന ഇ–മെയിൽ വഴിയും ബന്ധപ്പെടാവുന്നതാണ്. പരീക്ഷാകേന്ദ്രത്തിന് അടുത്തുള്ള റെയിൽവേ സ്റ്റേഷൻ – കഴക്കൂടം, ബസ്സ്റ്റോപ്പ് – കാര്യവട്ടം

## പരീക്ഷാഫലം

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ (പെയിന്റിംഗ് & സ്കൾപ്ച്ചർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 16 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ – പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ ബി.ടെക്. റെഗുലർ യു.സി.ഇ.കെ., (2020 സ്കീം, 2020 അഡ്മിഷൻ), ഒക്ടോബർ 2022 പ്രാക്ടിക്കൽ പരീക്ഷ പുതുക്കിയ ടൈംടേബിൾ പ്രകാരം നവംബർ 7, 8, 9 തീയതികളിൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2022 നവംബർ 17 മുതൽ നടത്തുന്ന നാലാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ പ്രോഗ്രാമുകളുടെ (2020 അഡ്മിഷൻ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. (എസ്.ഡി.ഇ. – 2017 അഡ്മിഷൻ, മേഴ്സിചാൻസ്), നവംബർ 2022 പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 10 വരെയും 150 രൂപ പിഴയോടെ നവംബർ 14 വരെയും 400 രൂപ പിഴയോടെ നവംബർ 16 വരെയും രജിസ്റ്റർ ചെയ്യാം. നവംബർ 28 മുതൽ ആരംഭിക്കുന്ന പരീക്ഷയുടെ വിജ്ഞാപനവും ടൈംടേബിളും വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാ വിജ്ഞാപനം

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബി.ടെക്. 2008 സ്കീം, നവംബർ 2022 (സപ്ലിമെന്ററി (2012 അഡ്മിഷൻ), മേഴ്സിചാൻസ് (2008, 2009, 2010, 2011 അഡ്മിഷൻ), 2003 സ്കീം ട്രാൻസിറ്ററി വിദ്യാർത്ഥികൾ), 2013 സ്കീം (സപ്ലിമെന്ററി, സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം (2017 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികൾ)) എന്നിവയുടെ പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
05.11.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**